# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട് വിഹിതം മുഴുവൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാ.) നം. **483**/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 23.02.2013.

==========================================================================

പരാമർശം:-വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.11.2012-ലെ തീരുമാനം. 1.10.

**ഉത്തരവ്**

നാലാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് വികസന ഫണ്ടിന്റെ 10% തുക, തനതു ഫണ്ട് പിരിച്ചെടുക്കുന്നതിൽ മുൻവർഷത്തെക്കാൾ 10% വർദ്ധനവ് വരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ നൽകുകയുള്ളൂ. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രധാന വരുമാന സ്രോതസ്സ് കെട്ടിട നികുതി (പ്രോപ്പർട്ടി ടാക്സ്) ആണ്. പല കാരണങ്ങൾ കൊണ്ടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെട്ടിട നികുതി പുനർ നിർണ്ണയം നടത്താൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു തന്നെ പലതദ്ദേശഭരണ സ്ഥാപനങ്ങൾക്കും 10% വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ വികസന ഫണ്ടിന്റെ 10% ലഭിക്കുന്നതിന് തനത് ഫണ്ടിൽ 10% വർദ്ധനവ് വരുത്തണം എന്ന നിബന്ധന ഈ വർഷത്തേയ്ക്ക് മാത്രമായി ഒഴിവാക്കി നൽകുന്നതിന് ശുപാർശ ചെയ്യാൻ 21.11.2012-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 വർഷത്തിലേയ്ക്കുള്ള വികസന ഫണ്ട് വിഹിതം നികുതി പിരിവിന്റെ കാര്യക്ഷമത നോക്കാതെ, ഇതുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കണമെന്ന് നിർബന്ധിക്കാതെ അഡ്വാൻസായി നൽകുന്നതിനും 2013-14 സാമ്പത്തിക വർഷം തുക അനുവദിക്കുമ്പോൾ 2 വർഷത്തേക്കുള്ള മൊത്തം തുക 2013-14 വർഷത്തെ നികുതി പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ

കണക്കാക്കി 2012-13 വർഷത്തിൽ ഓരോ പഞ്ചായത്തിനും നൽകിയ അഡ്വാൻസ് കുറച്ച് ബാക്കി തുക നൽകുന്നതിനും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്.സെന്തിൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം. (എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും പകർപ്പ് നൽകേണ്ടതാണ്)
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം. (എല്ലാ മുനിസിപ്പൽ / കോർപ്പറഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും പകർപ്പ് നൽകേണ്ടതാണ്)
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം. (എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും / സെക്രട്ടറിമാർക്കും പകർപ്പ് നൽകേണ്ടതാണ്)
എല്ലാ ജില്ലാ ആസൂത്രണ ഓഫീസർമാർക്കും.
എല്ലാ മെമ്പർ സെക്രട്ടറി (ജില്ലാ കളക്ടർമാർക്കും, ജില്ലാ ആസൂത്രണ സമിതി)മാർക്കും.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (എസ്.എഫ്.സി.ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സറ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.
സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ.
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർപേഴ്സൺ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം **(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)**
ഓഫീസ് കോപ്പി / കരുതൽ കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.